# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 181 — 04-10-2011 ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം.ഹംസ<br>ശ്രീ.ആർ.രാജേഷ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും ഈ സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ | (എ) കൈത്തറി, കശുവണ്ടി, കയർ, ഖാദി, കരകൗശലം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ പുതിയ വ്യവസായ നയത്തിൽ പ്രഖ്യാപിക്കുന്നതാണ്. |
| (ബി) പരമ്പരാഗത വ്യവസായരംഗത്ത് ഏതെല്ലാം പദ്ധതികളായിരുന്നു മുൻസർക്കാർ നടപ്പാക്കുയും തുടക്കം കുറിക്കുകയും ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) പരമ്പരാഗത വ്യവസായരംഗത്ത് മുൻ സർക്കാർ നടപ്പാക്കുകയും തുടക്കം കുറിക്കുകയും ചെയ്തിട്ടുള്ള പദ്ധതികൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (സി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിയ്ക്ക് ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (സി) പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (ഡി) കേന്ദ്ര സഹായം നേടുന്നതിനായി എന്തെല്ലാം പദ്ധതികളാണിതിനകം തയ്യാറാക്കപ്പെട്ടിട്ടുള്ളത്? | (ഡി) കേന്ദ്രസർക്കാർ 2009 മുതൽ നിറുത്തലാക്കിയ കൈത്തറി റിബേറ്റ് സ്കീം പുനരാരംഭിക്കണമെന്നും, മാർക്കറ്റിംഗ് ഇൻസെന്റീവ് യഥാസമയം നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കയർ പിരിമേഖല, തൊണ്ട് സംഭരണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്ത്ണമെന്നും, കയർ ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര ഫെയറായ 'കയർ കേരള 2012' ന്റെ നടത്തിപ്പിന് കേന്ദ്രവിഹിതം അനുവദിക്കണമെന്നും |

കയർ മേഖലയുടെ ആധുനീക വൽക്കരണ ത്തിനായി സാമ്പത്തിക സഹായം അനുവദി ക്കണമെന്നും ഒരു മോഡൽ കയർഗ്രാമം സ്ഥാപിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കരകൗശല വികസന കോർപ്പറേഷനു കീഴിലുള്ള കൈരളി ഡൽഹി ഷോറൂമിന്റെ നവീകരണത്തിനായി 1 കോടി രൂപയുടെ ഒരു പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

കാപെക്സിന്റെ കീഴിലുള്ള ഫാക്ടറിക ളുടെ നവീകരണം, ഓർഗാനിക് ഫാമിംഗ് തുടങ്ങിയവയ്ക്കായി കേന്ദ്രസഹായം ലഭിക്കുന്നതിനായി 31.30 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## 1. കൈത്തറി മേഖല

കൈത്തറി രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചു.

1. കൈത്തറി വികസനത്തിൽ മേഖലാ ബ്രാന്റുകളുടെ വികസനം.

2. സഹകരണ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി, കൈത്തറി വികസന കോർപ്പറേഷൻ എന്നിവയുടെ പുനരുദ്ധാരണവും, ശക്തിപ്പെടുത്തലും.

3. പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണം, തറി അനുബന്ധ ഉപകരണങ്ങൾ സൗജന്യ നിരക്കിൽ നൽകൽ.

4. എല്ലാ കേരളീയരും കൈത്തറി അല്ലെങ്കിൽ ഖാദി വസ്ത്രം ധരിയ്ക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

5. കൈത്തറി നെയ്ത്തുകാർക്ക് ഇൻകം സപ്പോർട്ട് സ്കീം.

6. കൈത്തറി മാർക്ക് സ്കീം-ക്വാളിറ്റി കൺസപ്റ്റിന്റെ പ്രചാരണത്തിനുള്ള സഹായ പദ്ധതി.

7. ജ്യോഗ്രഫിക്കൽ ഇന്റിക്കേഷൻ രജിസ്ട്രേഷൻ ലഭിക്കുവാൻ നടപടി എടുത്തു.

8. കൈത്തറിയ്ക്കു എ ഫ്.എം. റേഡിയോ വഴിയും മറ്റും വ്യാപകമായ പ്രചരണം നടത്തി.

9. പ്രശസ്ത സിനിമാ നടൻ മോഹൻലാലിനെ കൈത്തറിയുടെ Brand Ambassador ആയി പ്രഖ്യാപിച്ചു.

## 2. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ:-

കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2007-08 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപയും 2009-10-ൽ 24 കോടി രൂപയും അനുവദിച്ചു. കോർപ്പറേഷന് ഇന്റർനാഷണൽ ബ്രാൻഡ് ബിൽഡിംഗിന് (ഒറ്റത്തവണ അധിക കേന്ദ്ര സഹായം) 2 കോടി രൂപ അനുവദിച്ചിു.

കോർപ്പറേഷൻ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കൂടുതലായി കോർപ്പറേഷന്റെ നെഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തുകയും ചെയ്യു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

## 3. കരകൗശല വ്യവസായങ്ങൾ

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ മുൻ സർക്കാരിന്റെ കാലത്ത് 2 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കോഴിക്കോട് നടുവണ്ണൂരിൽ പ്രൊഡക്ഷൻ കം കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ഫോർ ബ്ലാക്ക് സ്മിത്തി ആന്റ് കാർപന്റി യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തന സജ്ജമായിരിക്കുകയാണ്.

2. കൊല്ലം ഉമയനല്ലൂരിൽ മോഡേൺ മെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ഫോർ ഹാന്റിക്രാഫ്റ്റ് എന്ന സ്ഥാപനം നിർമ്മാണ ഘട്ടത്തിലാണ്.

കരകൗശല രംഗത്ത് കേരള കരകൗശല വികസന കോർപ്പറേഷൻ മുൻ സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും കരകൗശല കമ്മീഷണറേറ്റിന്റെയും ധനസഹായത്തോടുകൂടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. നവി മുംബെയിൽ കേരള ഹൗസിലും, തിരുവനന്തപുരം എയർപോർട്ടിലും പുതിയ ഷോറൂമുകൾ തുടങ്ങി.
2. ഊട്ടി കൈരളി ഷൊറൂമിന്റെ നവീകരണ പദ്ധതി നടപ്പാക്കി.
3. ആധുനിക 3 ഡി പെന്റോഗ്രാഫ് വുഡ് വർക്കിംഗ് മെഷീൻ 25.20 ലക്ഷം രൂപ ചെലവിൽ സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരം കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ സ്ഥാപിച്ചു.
4. തിരുവനന്തപുരത്തെ എസ്സ്.എം.എസ്സ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണം കേന്ദ്രാവിഷ്കൃത പദ്ധതയിൽ ഉൾപ്പെടുത്തി (എസിഎ) 150 ലക്ഷം രൂപയും, തിരുവനന്തപുരത്ത് അട്ടക്കുളങ്ങരയിൽ പുതിയ വില്പനശാല ആരംഭിക്കുവാൻ 25 ലക്ഷംരൂപയും അനുവദിച്ചു.
5. കുറഞ്ഞ പലിശ നിരക്കിൽ കരകൗശല ശില്പികൾക്ക് എൻബിസിഎഫ്ഡിസി-യുടെ ലോൺ പദ്ധതിയിൽ കീഴിൽ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു.
6. 2001-06 കാലഘട്ടത്തിൽ കരകൗശല ശില്പികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഭാഗികമായി കൊടുത്ത് തീർത്തു.
7. കരകൗശല രംഗത്ത് കേന്ദ്രകരകൗശല കമ്മീഷണറേറ്റിന്റെ സഹായത്തോടെ 2 കോടി രൂപയുടെ റാ മെറ്റീരിയൽ ബാങ്ക് പദ്ധതി നടപ്പിലാക്കി.
8. 2010-11 സാമ്പത്തിക വർഷത്തിൽ 1000 കരകൗശല തൊഴിലാളികളെ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു.

കൂടാതെ കോഴിക്കോട് ജില്ലയിൽ നല്ലളത്ത് ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി തുടങ്ങുവാൻ പദ്ധതിയിട്ടു. പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കെൽപാം

കരിമ്പനാധിഷ്ഠിത വ്യവസായ തൊഴിലാളി കുടുംബങ്ങൾക്ക് ക്ഷേമ പദ്ധതിയുടെ ഭാഗമായി ജനശ്രീ ഭീമായോജന പദ്ധതി നടപ്പിലാക്കി. കുറഞ്ഞ പലിശ നിരക്കിലുള്ള എൻ.ബി.സി.എഫ്.ഡി.സി യുടെ വായ്പ പദ്ധതി നടപ്പിലാക്കി. കരിമ്പന കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. കരിമ്പന ഉല്പന്ന വികസനത്തിന്റെ ഭാഗമായ കൊറ്റാമത്തെ ശീതളപാനീയ യൂണിറ്റും പനയോല കരകൗശല നിർമ്മാണ യൂണിറ്റും വൈവിധ്യവൽക്കരണം ചെയ്തു. പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളിയിലുള്ള പനം നാര് സംസ്കരണ കേന്ദ്രം പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി.

4. **കയർ:**

കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം സ്ഥിര മൂലധനം എന്നിവ നൽകി. സഹകരണ മേഖല കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റ്, പിത്ത് അധിഷ്ഠിത യൂണിറ്റുകൾക്ക് 75% പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ്, പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾക്ക് പരമാവധി 15 ലക്ഷം രൂപ വരെ ഗ്രാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി.

കയർ കടാശ്വാസ പദ്ധതി ആരംഭിച്ചു. കയർ പിരി മേഖലയിൽ മിനിമം 150 രൂപയെങ്കിലും കൂലി ലഭ്യമാക്കണമെന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി. കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിൽ ഉള്ളവർക്ക് സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതി നടപ്പിലാക്കി. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം ക്രയവില സ്ഥിരത പദ്ധതി ആരംഭിച്ചു. കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറി ആരംഭിച്ചു. തൊണ്ട് സംഭരണ പദ്ധതി ആരംഭിച്ചു.

5. **കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്**

വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. നിലവിലുള്ള 10% റിബേറ്റിന് പുറമേ അധികമായി 10% റിബേറ്റ് കൂടി അനുവദിക്കുകയും (ആകെ 20%) ഈ അധിക റിബേറ്റിനു വേണ്ടി 600 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉല്പാദന ഇൻസെന്റീവ് വർദ്ധിപ്പിച്ചു. ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 115 ലക്ഷം രൂപ അനുവദിച്ചു.

ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ട് കോടി രൂപ നൽകി. മറ്റു ഖാദി സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 125 ലക്ഷം രൂപ അനുവദിച്ചു. ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി. ഖാദി

വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവത്ക്കരിച്ചു. ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ സ്ഥാപിച്ചു. സർക്കാർ ജീവനക്കാർ ആഴ്ചയിൽ രണ്ട് ദിവസം ഖാദി/കൈത്തറി ധരിക്കണമെന്നുംഉത്തരവായി. 2010-11 വർഷം വേതന പൂരക പദ്ധതിപ്രകാരം ഖാദി തൊഴിലാളികൾക്ക് 10 കോടി രൂപ അനുവദിച്ചു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - രണ്ട്

കൈത്തറി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി നെയ്ത്തുകാരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവും കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യതയുമാണ്. കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. കൈത്തറി സഹകരണസംഘങ്ങളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് പ്രത്യേകം പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിൽ നിന്നും കഴിയുന്നത്ര സാമ്പത്തിക സഹായം നേടിയെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകും. കൈത്തറി വസ്ത്രം കൂടുതലായി വില്പന നടത്തുന്നതിന് വേണ്ടി നൂതന മാർക്കറ്റിംഗ് തന്ത്രങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യും.

കശുവണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി കശുമാവ് കൃഷി കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കും. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കും. ഫാക്ടറികളുടെ നവീകരണം നടത്തും. ഗുണനിലവാരമുള്ള പുതിയ ഉല്പന്നങ്ങൾ പുറത്തിറക്കി ആഭ്യന്തരവിപണിയെ കൂടുതൽ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ രൂപംകൊടുക്കുകയും ചെയ്യും.

കരകൗശല മേഖലയിൽ നൂതന ഡിസൈനുകളിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ വികസിപ്പിക്കും.

കയർ മേഖലയിൽ വിപണനം ശക്തിപ്പെടുത്തുകയും കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം കൂടുതൽ നല്കുകയും ചെയ്യും. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതിപ്രകാരം തൊണ്ട് സംഭരണത്തിന്റെ ചുമതല മിനി ഡീഫൈബറിംഗ് മെഷീൻ നൽകിയ സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതും, തൊണ്ട് സംഭരണത്തിന് ആവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനായി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ച് വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് 'മോഡൽ കയർ ഗ്രാമപദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നു. കയർ വിപണനത്തിനായി കയർ മാർക്കറ്റിംഗ് കൺസോർഷ്യം ആരംഭിക്കുന്നകാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

ഖാദിമേഖലയിൽ പുതുതായി 5000 പേർക്ക് തൊഴിൽനൽകാൻ നടപടി സ്വീകരിച്ചുവരുന്നു. ഖാദി തൊഴിലാളികൾക്കുള്ള Income Support Scheme തുടർന്നും നടപ്പിലാക്കും.

[signature]